# സ്വകാര്യമായ നന്മകൾ



بسم الله الرحمن الرحيم

- അത്യാവശ്യങ്ങൾക്ക് വേണ്ടി മാത്രം മാറ്റിവെക്കുന്ന ഒരു വിഹിതം എപ്പോഴും നമ്മുടെ സമ്പത്തിൽ ഉണ്ടാകും.
- അതൊരു കരുതലാണ് പെട്ടെന്ന് ഒരു പ്രയാസമുണ്ടാവുമ്പോഴോ മറ്റോ ഒക്കെ ഉപയോഗിക്കാൻ വേണ്ടി.
- ഇതുപോലെ ചില നന്മകളും നമുക്ക് ഉണ്ടാകണം,
- സാധാരണ ചെയ്യുന്ന കർമ്മങ്ങൾക്ക് അപ്പുറം ആരും അറിയാത്ത നന്മകളെ പൊളിച്ചു കളയുന്ന രിയാഅ് പോലും കടന്നു വരാത്ത വളരെ ഗോപ്യമായ ചില നന്മകൾ.
- നമുക്കു മാത്രം അറിയുന്ന ലോകത്ത് ആർക്കും അറിയാത്ത ചില നന്മകൾ
- ഇങ്ങനെ വല്ലതും നമ്മുടെ ജീവിതത്തിൽ ഉണ്ടോ ?
- അല്ലാഹു ഏറ്റവും ഇഷ്ടപ്പെടുന്ന കർമ്മങ്ങളിൽ പെട്ടതാണ് ഇത്തരം അമലുകൾ.

قَالَ رَسُولَ اللَّهِ صلى الله عليه وسلم : إِنَّ اللَّهَ يُحِبُّ الْعَبْدَ التَّقِيَّ الْغَنِيَّ الْخَفِيَّ

നബി ﷺ പറഞ്ഞു: ഭയഭക്തനും, മാനസിക ഐശ്വര്യമുള്ളവനും രഹസ്യമായി നന്മ ചെയ്യുന്നവനുമായ അടിയാനെ അല്ലാഹു ഇഷ്ടപ്പെടുന്നു. (മുസ്ലിം)

- ഇത് നമ്മുടെ മുൻഗാമികളുടെ വിശേഷണം കൂടിയായിരുന്നു.

**അബൂബക്കർ (റ)**

- സുബ്ഹി നമസ്കാരം കഴിഞ്ഞ് എന്നും പെട്ടെന്ന് പോകുന്ന അബൂബക്കർ (റ) നെ ഉമർ (റ)പിന്തുടരുന്നു അദ്ദേഹം എന്നും പോകുന്ന ആ വീട്ടിൽ കയറിച്ചെല്ലുമ്പോൾ അവിടെ കണ്ട വൃദ്ധയായ സ്ത്രീയോട് വരുന്ന ആളെ കുറിച്ച് ചോദിച്ചു അദ്ദേഹം ഞങ്ങളുടെ ആടിനെ കറക്കും വേണ്ടതെല്ലാം ചെയ്തുതരും എന്നിട്ട് തിരിച്ചുപോകും അദ്ദേഹം ആരെന്ന് അറിയുമോ എന്ന് ചോദിക്കുമ്പോൾ ഇല്ല എന്നായിരുന്നു മറുപടി.

**അലിയ്യ് ബ്നു ഹുസൈൻ (റ)**

- അലിയ്യ് ബ്നു ഹുസൈൻ (റ) മരണപ്പെട്ടപ്പോൾ നാട്ടിലെ പല വീടുകളിലും പട്ടിണിയായി അപ്പോൾ മാത്രമാണ് ഞങ്ങൾക്ക് ഇത്രനാൾ ഭക്ഷണം എത്തിച്ചത് അദ്ദേഹമാണെന്ന് അവർക്ക് മനസ്സിലായത്.
- നന്മകൾ പലപ്പോഴും മറ്റുള്ളവർ അറിയാൻ ആഗ്രഹിക്കലും അതു പോലെ അറിയിക്കലുമൊക്കെ മനുഷ്യന്റെ പ്രകൃതമാണ്.
- എന്നാൽ ആരുമറിയാത്ത ചില നന്മകൾ അതൊരു വിശ്വാസിയുടെ പരലോകത്തേക്കുള്ള സ്വകാര്യ സ്വത്താണ് .

عَنْ الزُّبَيْرِ بْنِ الْعَوَّامِ -رَضِيَ اللَّهُ عَنْهُ- قَالَ: قَالَ النَّبِيُّ -صَلَّى اللهُ عَلَيْهِ وَسَلَّمَ-: مَنْ اسْتَطَاعَ مِنْكُمْ أَنْ يَكُونَ لَهُ خَبْءٌ مِنْ عَمَلٍ صَالِحٍ فَلْيَفْعَلْ"

പ്രവാചകൻ പറയുന്നത് നോക്കൂ ആർക്കെങ്കിലും ഗോപ്യമായ ചില നന്മകൾ ചെയ്യാൻ സാധിക്കുമെങ്കിൽ അവരത് ചെയ്തുകൊള്ളട്ടെ

**ഗോപ്യമായ നന്മകൾക്ക് ഇഹലോകത്ത് പ്രതിഫലം ഉണ്ട്**

**1. അല്ലാഹുവിൻറെ കോപത്തിൽ നിന്ന് രക്ഷപെടും.**

عَنْ أَبِي أُمَامَةَ -رَضِيَ اللَّهُ عَنْهُ- قَالَ: قَالَ رَسُولُ اللهِ -صَلَّى اللهُ عَلَيْهِ وَسَلَّمَ-: "صَنَائِعُ الْمَعْرُوفِ تَقِي مَصَارِعَ السُّوءِ، وَصَدَقَةُ السِّرِّ تُطْفِئُ غَضَبَ الرَّبِّ، وَصِلَةُ الرَّحِمِ تَزِيدُ فِي الْعُمُرِ"

രഹസ്യമായ ദാനധർമ്മം അല്ലാഹുവിന്റെ കോപത്തെക്കെടുത്തി കളയും

- എപ്പോഴെങ്കിലും നമ്മുടെ ജീവിതത്തിലെ ഏതെങ്കിലും കർമ്മങ്ങൾ നാഥന് വെറുപ്പ് ഉണ്ടാക്കുന്നത് സംഭവിച്ചിട്ടുണ്ടെങ്കിൽ ആരും അറിയാതെ നാം ചെയ്യുന്ന നന്മകൾ അതിനെ കെടുത്തികളയും എന്നാണ്ഹദീസിന്റെ സാരം

**2. അർശിന്റെ തണൽ ലഭിക്കും**

അർശിന്റെ തണൽ ലഭിക്കുന്ന ഏഴ് വിഭാഗങ്ങളിൽ ഒരു വിഭാഗം ഈ വിശേഷണം ഉള്ളവരാണ്

عَنْ أَبِي هُرَيْرَةَ -رَضِيَ اللَّهُ عَنْهُ- عَنِ النَّبِيِّ -صَلَّى اللهُ عَلَيْهِ وَسَلَّمَ- قَالَ: سَبْعَةٌ يُظِلُّهُمُ اللَّهُ -تعالى- فِي ظِلِّهِ يَوْمَ لاَ ظِلَّ إِلَّا ظِلُّهُ وَذَكَرَ مِنْهُم: رَجُلٌ دَعَتْهُ امْرَأَةٌ ذَاتُ مَنْصِبٍ وَجَمَالٍ؛ فَقَالَ: إِنِّي أَخَافُ اللَّهَ، وَرَجُلٌ تَصَدَّقَ بِصَدَقَةٍ فَأَخْفَاهَا حَتَّى لاَ تَعْلَمَ شِمَالُهُ مَا تُنْفِقُ يَمِينُهُ، وَرَجُلٌ ذَكَرَ اللَّهَ خَالِيًا، فَفَاضَتْ عَيْنَاهُ"(البخاري ومسلم).

തന്റെ വലതു കൈ നൽകിയത് ഇടതു കൈ പോലും അറിയാതെ ദാനധർമ്മം ഗോപ്യമായി നൽകിയവൻ.

﴿إِنْ تُبْدُوا الصَّدَقَاتِ فَنِعِمَّا هِيَ وَإِنْ تُخْفُوهَا وَتُؤْتُوهَا الْفُقَرَاءَ فَهُوَ خَيْرٌ لَكُمْ وَيُكَفِّرُ عَنْكُمْ مِنْ سَيِّئَاتِكُمْ وَاللَّهُ بِمَا تَعْمَلُونَ خَبِيرٌ﴾ [البقرة: ٢٧١].

**അബ്ദുല്ലാഹി ഇബ്നു മുബാറക്ക്(റഹി) യുടെ ജീവിതം എന്തൊരു മാതൃകയാണ്.**

وكان ابن المبارك يضع اللثام على وجهه عند القتال لئلا يُعرف! قال أحمد: "ما رفع الله ابنَ المبارك إلا بخبيئةٍ كانت له.

ഇമാം അഹ്മദ് (റ) പറയുന്നു: ഇബ്നുൽ മുബാറക് (റ) ക്ക് ഉണ്ടായിരുന്ന രഹസ്യമായ കർമ്മങ്ങൾ കൊണ്ടാണ് അല്ലാഹു അദ്ദേഹത്തിന് ഉയർച്ച നൽകിയത്

- രണ ഭൂമിയിൽ മറ്റുള്ളവർ തന്നെ അറിയാതിരിക്കാൻ മുഖംമൂടി കൊണ്ടായിരുന്നു അദ്ദേഹം പോരാടിയിരുന്നത്.
- **സുബൈർ ഇബ്നു അവാം (റ) പറഞ്ഞു;**

قال الزبير بن العوام -رضي الله عنه-: اجعلوا لكم خبيئة من العمل الصّالح كما أنّ لكم خبيئة من العمل السّيّء"

ആരുമറിയാത്ത ചില തിന്മകൾ നിങ്ങളുടെ ജീവിതത്തിൽ ഉള്ളതു പോലെ ആരുമറിയാത്ത ചില നന്മകളും നിങ്ങൾ കരുതി വെക്കുക

- വല്ലാത്തൊരു വാചകമാണ് മറ്റുള്ളവർ നമ്മുടെ ജീവിതത്തിലേക്ക് എത്തിനോക്കിയാൽ വ്യക്തിത്വം തന്നെ നഷ്ടപ്പെട്ടുപോകുന്ന ചില തെറ്റുകൾ ഒരുപക്ഷേ നമ്മുടെ ജീവിതത്തിൽ ഉണ്ടായേക്കാം
- എങ്കിൽ അതുപോലെ മറ്റാരും അറിയാത്ത അല്ലാഹുവിന് മാത്രം അറിയുന്ന ചില നന്മകളും സമ്പാദിക്കാൻ നമുക്ക് സാധിക്കണം.
- തെറ്റുകൾ നൽകുന്ന ആസ്വാദനത്തെക്കാളും വലുതാണ് ആരുമറിയാത്ത ആത്മീയ ലോകത്തെ കർമ്മങ്ങൾ ഒരാൾക്ക് നൽകുന്ന അനുഭൂതി.

## 3. അല്ലാഹുവിന്റെ ആദരവ് ലഭിക്കും

عَنْ أَبِي هُرَيْرَةَ عَنِ النَّبِيِّ صلى الله عليه وسلم- قَالَ«بَيْنَا رَجُلٌ بِفَلاَةٍ مِنَ الأَرْضِ فَسَمِعَ صَوْتًا فِي سَحَابَةٍ اسْقِ حَدِيقَةَ فُلاَنٍ.فَتَنَحَّى ذَلِكَ السَّحَابُ فَأَفْرَغَ مَاءَهُ فِي حَرَّةٍ فَإِذَا شَرْجَةٌ مِنْ تِلْكَ الشِّرَاجِ قَدِ اسْتَوْعَبَتْ

ذَلِكَ الْمَاءَ كُلَّهُ فَتَتَبَّعَ الْمَاءَ فَإِذَا رَجُلٌ قَائِمٌ فِي حَدِيقَتِهِ يُحَوِّلُ الْمَاءَ بِمِسْحَاتِهِ فَقَالَ لَهُ يَا عَبْدَ اللَّهِ مَا اسْمُكَ قَالَ فُلاَنٌ. لِلاِسْمِ الَّذِى سَمِعَ فِي السَّحَابَةِ فَقَالَ لَهُ يَا عَبْدَ اللَّهِ لِمَ تَسْأَلُنِي عَنِ اسْمِى فَقَالَ إِنِّي سَمِعْتُ صَوْتًا فِي السَّحَابِ الَّذِى هَذَا مَاؤُهُ يَقُولُ اسْقِ حَدِيقَةَ فُلاَنٍ لاِسْمِكَ فَمَا تَصْنَعُ فِيهَا قَالَ أَمَّا إِذَا قُلْتَ هَذَا فَإِنِّي أَنْظُرُ إِلَى مَا يَخْرُجُ مِنْهَا فَأَتَصَدَّقُ بِثُلُثِهِ وَآكُلُ أَنَا وَعِيَالِي ثُلُثًا وَأَرُدُّ فِيهَا ثُلُثَهُ.

തന്റെ സമ്പത്തിൽ നിന്ന് മറ്റുള്ളവർക്ക് നൽകിയപ്പോൾ തന്റെ ആവശ്യത്തെ അല്ലാഹു നേരിട്ട് പരിഗണിക്കുന്ന അല്ലാഹു അദ്ദേഹത്തിന് നൽകിയ ആദരവാണിത് ഈ ചരിത്രം നമുക്ക് നൽകുന്ന പാഠം പ്രതിസന്ധിഘട്ടങ്ങളിൽ നമ്മെയും നാഥൻ പരിഗണിക്കും എന്നുള്ളത് തന്നെയാണ് മറ്റാരും പരിഗണിക്കാൻ ഇല്ലെങ്കിലും നമ്മുടെ ആവശ്യങ്ങൾ റബ്ബ് നേരിട്ട് നിറവേറ്റും എന്ന ധൈര്യം നാഥനു വേണ്ടി മാത്രം കർമ്മങ്ങൾ ചെയ്യുന്നവർക്ക് ഉണ്ടാവും .

- രഹസ്യമായ നന്മകൾ നമുക്ക് ഇഹപര ജീവിതത്തിൽ വിജയം സമ്മാനിക്കുന്നതു പോലെ രഹസ്യമായ തിന്മകൾ  നമുക്ക് സമ്മാനിക്കുക നരകമായിരിക്കും എ ന്നും ഓർമ വേണം.

❖ **രഹസ്യ ജീവിതത്തിൽ തെറ്റുകളിൽ മുഴുകുന്നവരുടെ പരലോകത്തെ അവസ്ഥ**

"لَأَعْلَمَنَّ أَقْوَامًا مِنْ أُمَّتِي يَأْتُونَ يَوْمَ الْقِيَامَةِ بِحَسَنَاتٍ أَمْثَالِ جِبَالِ تِهَامَةَ بِيضًا، فَيَجْعَلُهَا اللَّهُ -عز وجل- هَبَاءً مَنْثُورًا" قَالَ ثَوْبَانُ: يَا رَسُولَ اللَّهِ صِفْهُمْ لَنَا، جَلِّهِمْ لَنَا أَنْ لَا نَكُونَ مِنْهُمْ، وَنَحْنُ لَا نَعْلَمُ؟ قَالَ: "أَمَا إِنَّهُمْ إِخْوَانُكُمْ، وَمِنْ جِلْدَتِكُمْ، وَيَأْخُذُونَ مِنَ اللَّيْلِ كَمَا تَأْخُذُونَ، وَلَكِنَّهُمْ أَقْوَامٌ إِذَا خَلَوْا بِمَحَارِمِ اللَّهِ انْتَهَكُوهَا "

(ഒറ്റക്കായാൽ ഹറാമുകളിൽ മുഴുകുന്നവരാണ്)
അദൃശ്യമായി അല്ലാഹുവിനെ ഭയപ്പെടുന്നവർക്കാണ് പാപമോചനവും പ്രതിഫലവും ഉള്ളത്

(إِنَّ الَّذِينَ يَخْشَوْنَ رَبَّهُم بِالْغَيْبِ لَهُم مَّغْفِرَةٌ وَأَجْرٌ كَبِيرٌ)[الملك: ١٢].

ആളുകൾ കൂടുന്നിടത്ത് വലിയ കാര്യങ്ങൾ ചെയ്യുക എന്നതിലുപരി ആരുമില്ലാത്ത രഹസ്യ ജീവിതത്തിൽ തെറ്റുകളിലേക്ക് പോകാതിരിക്കുമ്പോഴാണ് അല്ലാഹു നമ്മളെ പരിഗണിക്കുന്നത്.

**രഹസ്യ ജീവിതത്തിൽ നാഥനെ ഭയപ്പെടുന്നവർക്കാണ് സ്വർഗ്ഗം**

وَأُزْلِفَتِ الْجَنَّةُ لِلْمُتَّقِينَ غَيْرَ بَعِيدٍ هَذَا مَا تُوعَدُونَ لِكُلِّ أَوَّابٍ حَفِيظٍ مَنْ خَشِيَ الرَّحْمَنَ بِالْغَيْبِ وَجَاءَ بِقَلْبٍ مُنِيبٍ [ق: ٣١-٣٣].

**പടച്ചവൻ നമ്മെ പരീക്ഷിക്കുകയാണ്**

لِيَعْلَمَ اللهُ مَن يَخَافُهُ بِالْغَيْبِ فَمَنِ اعْتَدَى بَعْدَ ذَلِكَ فَلَهُ عَذَابٌ أَلِيمٌ [المائدة: ٩٤].

**സ്വകാര്യമായ നന്മകൾ പതിവാക്കുക.**

✓ **രാത്രി നമസ്കാരം.**

عَنْ مُعَاذِ بْنِ جَبَلٍ، عَنِ النَّبِيِّ صلى الله عليه وسلم قَالَ : أَلاَ أَدُلُّكَ عَلَى أَبْوَابِ الْخَيْرِ الصَّوْمُ جُنَّةٌ وَالصَّدَقَةُ تُطْفِئُ الْخَطِيئَةَ كَمَا يُطْفِئُ الْمَاءُ النَّارَ وَصَلاَةُ الرَّجُلِ مِنْ جَوْفِ اللَّيْلِ

മുആദ് (റ) വിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: വിവിധ ഇനം നൻമകൾ ഞാൻ നിനക്ക് അറിയിച്ച തരട്ടെയോ? നോമ്പ് പരിചയാണ്. വെള്ളം അഗ്നിയെ കെടുത്തുന്ന പ്രകാരം ധർമ്മവും രാത്രിയുടെ അന്ത്യയാമങ്ങളിലുള്ള നമസ്കാരവും പാപങ്ങളെ കെടുത്തിക്കളയും.(തിർമുദി)

✓ **മറ്റുള്ളവർക്ക് വേണ്ടി ദുആ ചെയ്യുക**

عَنْ أُمِّ الدَّرْدَاءِ، قَالَتْ حَدَّثَنِي سَيِّدِي، أَنَّهُ سَمِعَ رَسُولَ اللَّهِ صلى الله عليه وسلم يَقُولُ : مَنْ دَعَا لأَخِيهِ بِظَهْرِ الْغَيْبِ قَالَ الْمَلَكُ الْمُوَكَّلُ بِهِ آمِينَ وَلَكَ بِمِثْلٍ

അല്ലാഹുവിന്റെ റസൂൽ (സ്വ) പറഞ്ഞു: തന്റെ സഹോദരനുവേണ്ടി അവന്റെ അസാന്നിധ്യത്തിൽ ആരാണൊ പ്രാർത്ഥിക്കുന്നത്,അന്നേരം അതുകൊണ്ട് ഭരമേൽപ്പിക്കപ്പെട്ട മലക്ക് പറയും: ആമീൻ,അതുപോലുള്ളത് നിനക്കും ഉണ്ടാവട്ടെ (മുസ്ലിം)

- ഖുത്ബ നോട്ടുകൾ ലഭിക്കാൻ (+൯൬൬൭൦൨൨൭൪൭൩൭൪൦) ഈ നമ്പറിൽ ബന്ധപ്പെടുക.
- ഖുത്ബ ഗ്രൂപ്പിൽ ചേരാൻ ഈ ലിങ്ക് ഉപയോഗിക്കുക:

https://chat.whatsapp.com/KRPAkhbXmwCAn5sHVJSfVA

ഇതു വരെയുള്ള എല്ലാ ഖുത്ബകളും ലഭിക്കാൻ വെബ്സൈറ്റ് സന്ദർശിക്കുക.